For Private Circulation Only

April 2020

ആഗമനാദുനൻ

Vol.67 "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ " (മർക്കൊ. 1:15) No.4

മാനസാന്തരം പുതുക്കത്തിന്റെ സമയങ്ങളെ കൊണ്ടുവരുന്നു

By Rich Carmicheal

വേദഭാഗം : എസ്രാ. 9 -10
നെഹെ: 8, 9

മാനസാന്തരം ദൈവത്തിന്റെ ഒരു ദാനമാണ്. അവിടുന്ന് നന്മയുടെയും, ദയയുടെയും ദീർഘക്ഷമയുടെയും നിറവാണ്, അവിടുത്തെ നന്മ നമ്മെ മാനസാന്തരത്തിലേയ്ക്ക് നയിക്കുന്നു (റോ. 2:4). ദൈവത്തിന്റെ ആഗ്രഹം നാം പാപങ്ങളിൽ നശിച്ചുപോകണം എന്നല്ല, അനുതപിച്ച് സമൃദ്ധിയായ ആത്മിക ജീവിതവും പുതുക്കവും പ്രാപിക്കണം എന്നത്രേ (2 പത്രോ. 3:9, അ.പ്ര. 3:19).

എസ്രായുടെ കാലത്തെ നമുക്ക് ഉദാഹരണമായെടുക്കാം. എസ്രായുടെ പുസ്തകത്തിലെ ആദ്യത്തെ എട്ട് അദ്ധ്യായങ്ങൾ, ദൈവജനത്തിന് നല്ല കാര്യങ്ങൾ സംഭവിക്കുന്നു. ഉദ്ധാരണങ്ങളെ സംബന്ധിച്ച വാഗ്ദത്തങ്ങളുടെ നിറവേറലുകളാണത്. (യിരെ. 29:10, 11 കാണുക). പ്രവാസത്തിൽ പാർക്കുന്ന യിസ്രായേൽ ജനം ദേശത്തേയ്ക്കു മടങ്ങി പോകുവാനും ദൈവാലയത്തെ പുതുക്കി പണിയുവാനും കോരെശ് രാജാവ് കല്പന കൊടുക്കുകയാണ്. ദൈവത്തിന്റെ കൃപയാൽ, അവർ യെരുശലേമിലേയ്ക്ക് മടങ്ങിപോയി പ്രതികൂലങ്ങളെ അതിജീവിച്ചു യാഗപീഠത്തെയും ദൈവാലയത്തെയും പണിയുകയാണ്. ആറാം അദ്ധ്യായം ദൈവാലയത്തിന്റെ പ്രതിഷ്ഠയും പെസഹയുടെ ആഘോഷവും നടക്കുകയാണ്.

ഏഴാം അദ്ധ്യായത്തിൽ എസ്രാ കഥയിലേയ്ക്ക് കടക്കുന്നു. ന്യായപ്രമാണത്തെക്കുറിച്ച് എരിവുള്ളവനായി എസ്രാ വരുന്നു. രാജാവിന്റെയും ദൈവത്തിന്റെയും സഹായവും തനിക്ക് ലഭിക്കുന്നു (എസ്രാ. 7:6,10). വിശ്വാസത്തോടും ധൈര്യത്തോടും താൻ മുന്നോട്ടു വരികയാണ്. ദൈവാലയ പണിക്ക് വേണ്ടിയുള്ള സാധനസാമഗ്രികളുമായി വരുമ്പോൾ പട്ടാളമോ മറ്റു പരിവാരമോ തനിക്ക് അകമ്പടിയായിട്ടില്ല.

പാപത്തിന്റെ പരിണത ഫലം

ഇവിടെ ചില നല്ലകാര്യങ്ങൾ നടന്നെങ്കിലും ഒൻപതാം അദ്ധ്യായത്തിൽ കാര്യങ്ങൾ വ്യത്യാസപ്പെടുകയാണ്. യിസ്രായേൽ ജനം തങ്ങളുടെ നേതാക്കന്മാർ ഉൾപ്പെടെ വേർപാട് പാലിക്കുന്നില്ല എന്ന് എസ്രാ മനസ്സിലാക്കി. അവർ ദേശനിവാസികളുമായി ഇടകലർന്ന് അവരുടെ മ്ലേച്ഛതകളുമായി കഴിയുകയാണ്. അവരുമായി സംബന്ധങ്ങളും കൂടിയിരിക്കുന്നു (എസ്രാ. 9:1,2). എസ്രായുടെ പ്രതികരണം ശ്രദ്ധേയമാണ്. ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ എന്റെ വസ്ത്രവും മേലങ്കിയും കീറി എന്റെ തലയിലും താടിയിലുമുള്ള രേമം വലിച്ചു പറിച്ചു സ്തംഭിച്ചു കുത്തിയിരുന്നു. പ്രവാസികളുടെ അകൃത്യം നിമിത്തം യിസ്രായേലിൻ ദൈവത്തിന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവരൊക്കെയും എന്റെ അടുക്കൽ വന്നുകൂടി. (എസ്രാ. 9:3,4)

അവരുടെ ചുറ്റുമുള്ള ആളുകളിൽ നിന്നും വേർപെട്ടിരിക്കണം എന്ന് പറഞ്ഞാണ് ദൈവം അവരെ വിളിച്ചത്. ദൈവജനം മറ്റുള്ളവരുമായി ഇടകലരുവാൻ ദൈവം ആഗ്രഹിച്ചില്ലി, കാരണം അത് പാപത്തിനും അശുദ്ധിയ്ക്കും കാരണമാവും എന്ന് ദൈവം അറിഞ്ഞിരുന്നു, യിസ്രായേൽ ജനം ആത്മീകമായും ശാരീരികമായും നന്നായിരിക്കണം എന്ന് ദൈവം ആഗ്രഹിച്ചു. (9:10 -12). അങ്ങനെയുള്ള ബന്ധങ്ങൾ അവരുടെ ഹൃദയങ്ങളെ അന്യദൈവങ്ങളിലേയ്ക്കും അവരുടെ വഴിയിലേയ്ക്കും തിരിച്ചു കൊണ്ടു പോകും എന്ന് ദൈവം അറിഞ്ഞിരുന്നു. തന്റെ ജനം അവരിൽ നിന്ന് വേർപ്പെട്ട് വെളിച്ചത്തിന്റെ ഉറവിടങ്ങളായി മറ്റുള്ളവർക്ക് വെളിച്ചവും അനുഗ്രഹവുമായിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. ഇടകലരുന്നതു വഴി തന്റെ ജനം അയൽവാസികളുടെ സ്വാധീനങ്ങളുമായി അനുരഞ്ജനപ്പെടുകയാണ് ചെയ്യുന്നത്.

ഇന്നത്തെ സഭയിലെ അനുരജ്ഞനം

നിർഭാഗ്യവശാൽ ഇന്നത്തെ ദൈവജനം പലരും പാപത്തിന് അനുരജ്ഞനപ്പെട്ടിരിക്കുകയാണ്. നാം ലോകത്തിലായിരിക്കുന്നവനാണ് ദൈവം നമ്മെ വിളിച്ചത്, ലോകത്തിന്റേത് ആയിരിക്കുവാനല്ല. എന്നാൽ പല കാര്യങ്ങളിലും, സഭ ലോകത്തിന്റേതായിത്തീർന്നിരിക്കുകയാണ്. ഉദാഹരണമായി, ആർത്തി, ഭൗതികവാദം, അഹംഭാവം, അധാർമ്മികത, അഹങ്കാരം തുടങ്ങിയ പാപങ്ങൾ ലോകത്തിലേതുപോലെതന്നെ സഭകളിലും കയറിപ്പറ്റിയിരിക്കുന്നു. പല സഭകളും, ദൈവത്തിന്റെ വിശുദ്ധ ജനം എന്ന പദവി നഷ്ടപ്പെടുത്തിയിരിക്കുന്നു, ദൈവത്തിന്റെ ജനം ലോകത്തിന്റെ വെളിച്ചവും ഉപ്പും ഒക്കെ ആയിരിക്കേണ്ടവരാണ്. സഭ ലോകമയത്വത്തിലായിരിക്കുന്നു.

പാപത്തിന് നിശ്ചയമായും പരിണത ഫലമുണ്ട്. എസ്രാ അതിൽ ബോധവാനായിരുന്നു. താൻ മുട്ടിൻമേൽ വീണ് കൈകളെ ദൈവത്തിങ്കലേയ്ക്ക് നീട്ടി ഇങ്ങനെ പ്രാർത്ഥിച്ചു. എന്റെ ദൈവമേ ഞാൻ എന്റെ മുഖം എന്റെ ദൈവമായ നിങ്കലേയ്ക്ക് ഉയർത്തുവാൻ ലജ്ജിച്ചു നാണിച്ചിരിക്കുന്നു. ഞങ്ങളുടെ അകൃത്യങ്ങൾ ഞങ്ങളുടെ തലയ്ക്കുമീതെ

(ശേഷം 5-ാംപേജിൽ)

നമ്മുടെ പ്രാർത്ഥനയിലൂടെ വ്യാപരിക്കുന്ന ദൈവശക്തി

By Rich Carmicheal

ഞാൻ ഈ ലേഖനം എഴുതാൻ തുടങ്ങുമ്പോൾ അതിന് സഹായകരമായി ഇ. എം. ബോൺട്സ് പ്രാർത്ഥനയെ സംബന്ധിച്ച് എഴുതിയ ഒരു പ്രസ്താവന ശ്രദ്ധിച്ചു. പ്രാർത്ഥനയുടെ പരിണതഫലങ്ങൾ മനുഷ്യന്റെ സാദ്ധ്യതകൾക്കപ്പുറത്താണ്. അതിന് എന്തെങ്കിലും നിയന്ത്രണം വയ്ക്കുവാൻ സർവ്വശക്തനായ ദൈവത്തെക്കൊണ്ട് മാത്രമേ കഴിയൂ.

മനുഷ്യന്റെ സാദ്ധ്യതകൾക്കപ്പുറത്ത് ദൈവത്തിന്റെ ശക്തമായ ഇടപെടൽ ആവശ്യമായിരിക്കുന്ന ഒരു ആപത്ഘട്ടത്തിലല്ലേ നാം ആയിരിക്കുന്നത്? നമ്മുടെ സ്വന്തം ജീവിതത്തിൽ കുടുംബത്തിൽ, സഭയിൽ, സമൂഹത്തിൽ നമ്മുടെ രാജ്യത്തിൽ സർവശക്തനായ ദൈവത്തിന്റെ ശക്തനായ ഇടപെടൽ ആവശ്യമായിരിക്കുന്നു എന്നതല്ലേ സത്യം. ദൈവത്തിന്റെ ജ്ഞാനം, കരുതൽ തന്റെ ശക്തി തുടങ്ങിയവയാൽ ദൈവം നമ്മോട് ഇടപെട്ടേ മതിയാകൂ എന്ന കാലഘട്ടത്തിലത്രേ നാം ജീവിക്കുന്നത്. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന് (എഫെ. 3:20).

പ്രാർത്ഥനയ്ക്ക് അത്യാവശ്യമായ മറുപടി

നമ്മുടെ പ്രതിസന്ധിഘട്ടത്തിൽ ദൈവം എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതിന് ധാരാളം ഉദാഹരണങ്ങളെകൊണ്ട് വേദപുസ്തകം നിറഞ്ഞിരിക്കുന്നു. യഹൂദയ്ക്കെതിരെ സംയുക്ത സൈന്യം ഭയപ്പെടുത്തുവാൻ അടുത്തു വരുമ്പോൾ യഹോശാഫാത്ത് ചെയ്ത കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാം (2 ദിന. 20-ാം അദ്ധ്യായം) മാനുഷിക ചിന്താഗതിയിൽ നോക്കിയാൽ സാഹചര്യം പ്രയാസമേറിയതാണ്. എന്നാൽ യഹോശാഫാത്ത് ജനത്തെ വിളിച്ചു കൂട്ടി പ്രാർത്ഥനയ്ക്കായി ആരംഭിച്ചു. പരസ്യമായി ദൈവത്തോട് തന്റെ കഴിവില്ലായ്മയെ തുറന്നു പറയുകയാണ് യഹോശാഫാത്ത് ചെയ്യുന്നത്. “ഞങ്ങളുടെ ദൈവമേ.... ഞങ്ങളുടെ നേരേ വരുന്ന ഈ വലിയ സമൂഹത്തോട് എതിർപ്പാൻ ഞങ്ങൾക്ക് ശക്തിയില്ല, എന്തു ചെയ്യേണ്ടു എന്ന് അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേയ്ക്ക് തിരിഞ്ഞിരിക്കുന്നു ” (2ദിന. 20:12). ദൈവം തന്റെ സർവ്വശക്തിയാൽ തക്കസമയത്ത് മറുപടി നൽകി. പ്രകൃത്യാതീതമായ നിലയിൽ അത്ഭുതകരമായി അവിടെ വിടുതൽ അയച്ചു.

നെഹെമ്യാവിന്റെ കാലത്ത് യരുശലേമിന്റെ മുഖഛായയ്ക്കുതന്നെ വ്യത്യാസം വന്നു. ആദ്യം യരുശലേമിന്റെ സ്ഥിതി വളരെ ദയനീയമായിരുന്നു. പ്രവാസത്തിൽ നിന്നും തെറ്റി ഒഴിഞ്ഞു പോയശേഷിപ്പ് അവിടെ ആ സംസ്ഥാനത്ത്

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും, ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. അതു സംഭവിക്കേണ്ടതു തന്നേ; എന്നാൽ അതു അവസാനമല്ല. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ. അന്നു അവർ നിങ്ങളെ ഉപദ്രവത്തിനു ഏല്പിക്കയും കൊല്ലുകയും ചെയ്യും. എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകെക്കും. എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും ” (മത്താ.24:6-14)

2020 മാർച്ച് മാസം നമ്മെ വിട്ട് കടന്നുപോയി. ഏപ്രിൽ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നാം ദൈവത്തെ അനുസരിച്ചുകൊണ്ട് നമ്മെത്തന്നെ ജീവനുള്ള യാഗമായി സമർപ്പിക്കുമ്പോൾ ദൈവത്തിന്റെ വിടുതൽ നമ്മുടെ രാജ്യങ്ങളുടെ മേൽ വരും. സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരേയും കാത്തു സൂക്ഷിക്കട്ടെ.

ഈ അന്ത്യനാളുകളിൽ തനിക്കു വേണ്ടി ഫലം പുറപ്പെടുവിക്കുന്നവരെ കർത്താവിന് ആവശ്യമുണ്ട്. എഴുന്നേറ്റ് പ്രകാശിക്കുക. നശിച്ചു പോകുന്ന കുടുംബങ്ങളിലും പള്ളികളിലും സമൂഹത്തിലും വെളിച്ചം പകരുവാൻ യേശു നമ്മെക്കുറിച്ചാഗ്രഹിക്കുന്നു.

നാം അന്ത്യനാളുകളിലായിരിക്കുന്നു. ഇരുട്ടിലായിരിക്കുന്ന ജനം വെളിച്ചത്തിലേക്ക് വരേണ്ടതിന് നാം വിശുദ്ധ ജീവിതം നയിക്കേണ്ടതാണ്. നമ്മുടെ സമയം ക്രിസ്തുവിനായി നമുക്ക് വിനിയോഗിക്കാം. ബുദ്ധിയുള്ള കന്യകമാരെപ്പോലെ നമുക്ക് ജീവിക്കാം. ഈ അന്ത്യനാളുകളിൽ ദൈവകരങ്ങളിൽ നമ്മെത്തന്നെ സമർപ്പിച്ചുകൊണ്ട് കർത്താവേ, അങ്ങേയ്ക്കും അങ്ങയുടെ മഹത്വമേറിയ ശുശ്രൂഷയ്ക്കും സമർപ്പിക്കുന്നു എന്നു കർത്താവിനോട് പറയാം. ശോഭിക്കുന്ന വിളക്കുകളായി ദൈവം നമ്മെ രൂപാന്തരപ്പെടുത്തും .

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കുഞ്ഞുങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക

ചില അടിസ്ഥാന തത്വങ്ങൾ

By Kim Butts

കർത്താവ് നമ്മെ പഠിപ്പിച്ച പ്രത്യേകമായ നിർദ്ദേശങ്ങളിലൂടെ നമ്മുടെ കുഞ്ഞുങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കാൻ കഴിയും. എങ്ങനെ പ്രാർത്ഥിക്കണം എന്ന് നമ്മെ പഠിപ്പിക്കുന്ന പാഠങ്ങൾ ലളിതവും അതേ സമയം ശക്തിയുള്ളതും കുട്ടികൾക്കും പ്രായമുള്ളവർക്കും ഗ്രഹിപ്പാനും മനസിലാക്കാനും ആസ്വാദ്യകരവുമായതാണ് വേദപുസ്തകം പഠിപ്പിക്കുന്ന പാഠങ്ങൾ. ആഴ്ചതോറും ആ പാഠങ്ങളിൽ ഒന്നു പഠിക്കയും ജീവിതത്തിൽ അത് പ്രായോഗികമാക്കുകയും ചെയ്യുമ്പോൾ അത് നിത്യജീവിതത്തിന്റെ വേർപിരിക്കാൻ കഴിയാത്ത ഇഴകചായി അതിനെ നെയ്തു ചേർക്കുന്നു. അങ്ങനെ നിങ്ങളുടെ കുഞ്ഞുങ്ങൾ പ്രാർത്ഥനയിൽ വളർന്നു വരുവാൻ കർത്താവു സഹായിക്കും.

1. പ്രാർത്ഥിക്കുന്നതിനു മുമ്പ് നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുക.

എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ; നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. (യാക്കോ. 5:16). ദൈവവുമായുള്ള ശരിയായ ബന്ധം കാത്തു സൂക്ഷിക്കുവാൻ നിങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുക. പ്രാർത്ഥിക്കുന്നതിനു മുമ്പ് നമ്മുടെ ജീവിതത്തിന് ഇഷ്ടമില്ലാത്തതായി എന്തെങ്കിലുമുണ്ടോ എന്ന് പരിശോധിച്ചു പാപക്ഷമയ്ക്കായി ദൈവത്തോട് അപേക്ഷിച്ച് നിരപ്പു പ്രാപിക്കേണ്ടതാണ്. ഓർമ്മിപ്പിച്ച് പഠിപ്പിക്കേണ്ടത് ദൈവം ക്ഷമിച്ച പാപം പിന്നെ ഒരിക്കലും ഓർക്കുകയില്ല (എബ്രാ. 8:12, യിരെ. 31:34).

2. പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരോട് ക്ഷമിക്കുക, നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക.

“നിങ്ങൾ പ്രാർത്ഥിക്കുവാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന് നിങ്ങൾ ആരോടൊങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോട് ക്ഷമിപ്പിൻ ” (മർക്കൊ. 11:25).˝നിങ്ങളുടെ കുഞ്ഞുങ്ങൾ, അവരുടെ കൂട്ടുകാരോ മറ്റുള്ളവരോ അവർക്കിഷ്ടമില്ലാത്ത ചിലത് അവരോട് ചെയ്തെന്നിരിക്കാം. അവർ ദോഷം ചെയ്തവരാണെങ്കിലും ശത്രുക്കളാണെങ്കിൽ പോലും അവരുടെ അനുഗ്രഹത്തിനും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കണം എന്നാണ്. മത്തായി. 5:44 പറയുന്നത്: “ ഞാനോ നിങ്ങളോട് പറയുന്നത് നിങ്ങളുടെ ശത്രുക്കൽക്കു വേണ്ടി പ്രാർത്ഥിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ ” (മത്താ. 5:44).

3. ഒരു കാര്യം പിന്നെയും ആവർത്തിക്കാതിരിക്കുക.

സ്വർഗ്ഗത്തിലെ ദൈവം നിങ്ങളുടെ പിതാവും സ്നേഹിതനുമാണ് എന്ന നിലയിൽ സംസാരിക്കുക. പ്രാർത്ഥിക്കയിൽ “നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്; അതിഭാഷണത്താൽ ഉത്തരം കിട്ടുമെന്നല്ലോ അവർക്കു തോന്നുന്നത്. അവരോട് തുല്യരാകരുത്. നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കും മുമ്പേ നിങ്ങളുടെ പിതാവ് അറിയുന്നു ” (മത്താ. 6:7,8). ദൈവത്തോട് സംസാരിക്കാൻ കുഞ്ഞുങ്ങൾക്ക് അവസരം കൊടുക്കുക. മന: പാഠമാക്കിയതിനെ പ്രാർത്ഥിക്കാൻ ശ്രമിക്കരുത്. ഹൃദയത്തിൽ നിന്നും പ്രാർത്ഥിക്കാൻ ഉത്സാഹിപ്പിക്കണം. അവരുടെ ശ്രമങ്ങളെ ഒരിക്കലും നിരുത്സാഹപ്പെടുത്തരുത്. കൊച്ചുകുട്ടികളുടെ പ്രാർത്ഥന ശരിയാണെന്ന് വരത്തില്ല, എങ്കിലും അത് അവരുടെ ഹൃദയത്തിൽ നിന്നും പുറപ്പെടുന്നതായിരിക്കും.

4. വിശ്വാസത്തോടെ പ്രാർത്ഥിക്കുക, ലഭിക്കും എന്ന വിശ്വാസത്തോടെ പ്രാർത്ഥിക്കുക.

“ നിങ്ങൾ വിശ്വസിച്ചു കൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്ക് കിട്ടും എന്നുത്തരം പറഞ്ഞു ” (മത്താ. 21:22). അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അത് നിങ്ങൾക്ക് ഉണ്ടാകും

(ശേഷം 5-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്ക

By Lois.J Stucky (1928 - 2014)

നമ്മുടെ ദൈവം വിശുദ്ധനാണ്. തന്നെ ആരാധിക്കുന്നവരും മഹത്വപ്പെടുത്തുന്നവരുമായ എല്ലാവരും വിശുദ്ധരായിരിക്കണം എന്നും അവിടുന്ന് ആഗ്രഹിക്കുന്നു. കാൽവറിയിലെ വീണ്ടെടുപ്പിന്റെ വേല അതിനു വേണ്ടിയായിരുന്നു. നാം ഇങ്ങനെ വായിക്കുന്നു. “ ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും ജീവിച്ചു പോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ച് വളർത്തുന്നു.. അവൻ നമ്മെ സകല അധർമ്മത്തിൽ വീണ്ടെടുത്ത് സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളൊരു സ്വന്തജനമായി തനിക്ക് ശുദ്ധീകരിക്കേണ്ടതിന് തന്നെത്താൻ നമുക്കു വേണ്ടി കൊടുത്തു ” (തീത്തോ. 2:13,14). സ്വന്തജനം എന്നതിന് Peculiar പദമാണ് ഇംഗ്ളീഷിൽ. തനിക്കു വേണ്ടി വേർതിരിച്ചത്. വീണ്ടെടുപ്പിൻ പൂർണ്ണതയും ഉയരത്തിലെ അനന്തമായതുമായ ജീവിതത്തിന്റെ പ്രതിജ്ഞയും! എന്ന് ഫാനി ക്രോസ്ബി എഴുതിയത് അതുപോലെ ഞങ്ങൾ സമ്മതിക്കുന്നു. അനുതാപത്തിലും കർത്താവായയേശു ക്രിസ്തുവിലും അടിസ്ഥാനപ്പെട്ട് ആരംഭിക്കുന്ന വിശുദ്ധജീവിതം. യേശു ഗലീലയിൽ ചെന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. “കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്ന് പറഞ്ഞു ” (മർക്കൊ. 1: 14,15). മാനസാന്തരം എന്ന് പറഞ്ഞാൽ, പാപത്തെ, സ്വയത്തെ, സാത്താനെ വിട്ട് ദൈവത്തിങ്കലേയ്ക്ക് പൂർണ്ണമായി സമർപ്പിച്ച് ദൈവവചനത്തോടുള്ള അനുസരണത്തിൽ ജീവിക്കുക എന്നതാണ് അതിന്റെ അർത്ഥം. നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തേശുവിന്റെ വിലയേറിയ രക്തത്താലത്രേ. അങ്ങനെയെങ്കിൽ നാം മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കേണ്ടതല്ലേ? (1പത്രൊ. 18,19; (ലൂക്കൊ. 3:8). നാം വിശുദ്ധിയുള്ള ജീവിതം നയിക്കമ്പോൾ ദൈവത്തിന്റെ നാമം മഹിമപ്പെടുകയും മറ്റുള്ളവർക്ക് നമ്മുടെ ജീവിതം അനുഗ്രഹമായിത്തീരുകയും ചെയ്യുന്നു.

അപ്പോസ്തലനായ പൗലൊസ് തിമൊത്തിയോസിന് ലേഖനം എഴുമ്പോൾ അന്ത്യകാലത്തു ലോകത്തുണ്ടാകുന്ന പ്രത്യേകമായ സംഭവങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് മനുഷ്യൻ അശുദ്ധിയിൽ ജീവിക്കുന്നതു സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു. (1തിമൊ, 3:2). ഈ അന്ത്യകാലത്തു ദൈവത്തിന് അനുരൂപരായി ജീവിച്ചു ലോകത്തിൽ ദൈവത്തെ വെളിപ്പെടുത്തുവാനുള്ള വലിയ ഉത്തരവാദിത്വമാണ് ദൈവം സഭയ്ക്ക് നൽകിയിരിക്കുന്നത്. “പണ്ട് നിങ്ങളുടെ അജ്ഞാനകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ ” (1പത്രൊ. 1:15). ദൈവത്തിന്റെ സ്വന്തം ജനം എന്ന നിലയിൽ വിശുദ്ധിയോടും പരിശുദ്ധാത്മാവ് ദൈവത്തിന് കൊള്ളാകുന്നവരായിരിപ്പാൻ നാം ബാദ്ധ്യസ്ഥരാണ്.

വിശുദ്ധ ജീവിതം സംബന്ധിച്ച് വ്യത്യസ്തമായ പഠിപ്പിക്കലുകളും പരിചയങ്ങളും നമുക്കു ചുറ്റും ഉണ്ടായിരുന്നേയ്ക്കാം. സ്വർഗ്ഗത്തിലെ ദൈവത്തെയും അവിടുത്തെ പുത്രനായ ക്രിസ്തുവിനെയും പ്രസാദിപ്പിച്ച് അവിടുത്തെ വിശുദ്ധിയുള്ള മക്കളായിരിപ്പാൻ ഉത്സാഹിപ്പിക്കേണ്ടതാണ്. നമ്മെത്തന്നെ താഴ്ത്തി നമ്മുടെ ആവശ്യങ്ങളെ ദൈവത്തോട് പറഞ്ഞ് ശുദ്ധഹൃദയത്തോടെ ആയിരിക്കേണം. ❖

പുതുക്കപ്പെട്ട ഏകാഗ്രത

By Richard Owen Roberts

ഇവിടെയുള്ള പ്രസ്താവകൾ 1680-ൽ ഒരു കവനന്റ് സഭയിൽ ആത്മിക ഉണർവ്വിനോടുള്ള ബന്ധത്തിൽ, വ്യക്തിപരമായും കുടുംബങ്ങളായും ആഴമായ മാനസാന്തരത്തിന് ഉറച്ച തീരുമാനത്തോടെ ദൈവവചനത്തിന്റെ വഴിയിൽ നടക്കേണ്ടതിനുമായുള്ള ഒരു വിളിയും പ്രഖ്യാപനവുമാണ്.

നമ്മുടെ കർത്താവും ദൈവവും, രക്ഷിതാവും, വീണ്ടെടുപ്പുകാരനും ഏകനായ പുരോഹിതനും പ്രവാചകനും, നമ്മുടെ രാജാവും കൃപയുടെ ഉടമ്പടിക്ക് മദ്ധ്യസ്ഥനും, ക്രിസ്തുവിൽ നാം കാത്തിരിക്കുന്നവനും, നമ്മെ മാറോട് ചേർക്കുന്നവനും, നന്മകളാൽ നമ്മെ നിറയ്ക്കുന്നവനുമായവന് ഞങ്ങളെ പൂർണ്ണമായി സമർപ്പിക്കുന്നു. ഞങ്ങളുടെ കുഞ്ഞുകുട്ടികളെയും യേശുക്രിസ്തുവിൽ ദൈവത്തിന് സമർപ്പിക്കുന്നു. അവിടുത്തെ ഞങ്ങളുടെ ദൈവമായും ഞങ്ങളുടെ കുഞ്ഞുകുട്ടികളുടെ ദൈവമായും ഏറ്റുകൊള്ളുന്നു, ഞങ്ങളും ഞങ്ങളുടെ കുഞ്ഞുകുട്ടികളും ദൈവമുഖം നോക്കിയിരിക്കുന്നു എന്ന നിലയിൽ കർത്താവായ യേശുക്രിസ്തുവിൽ ഞങ്ങളെ പൂർണ്ണമായി സമർപ്പിക്കുന്നു.

കർത്താവിന്റെ സഹായത്താൽ ഞങ്ങൾ ഒരു വ്യക്തികളെയും അവരുടെ ഹൃദയങ്ങളേയും ജീവിതങ്ങളെയും രൂപാന്തരപ്പെടുത്തുവാൻ ശ്രമിക്കും. ഞങ്ങളുടെ പാപക്ഷമയെ അന്വേഷിച്ച് മറ്റെല്ലാക്കാലത്തെക്കാളുമുപരി ദൈവത്തോട് ചേർന്നു നടന്ന് ദൈവശക്തിയുടെ ശക്തിയെ മുറുകെ പിടിച്ച് രഹസ്യത്തിലും പരസ്യമായും വ്യക്തിപരമായും തുടർച്ചയായി ദൈവത്തെ ആരാധിച്ചും വേഷഭക്തിക്കാരോ കപടഭക്തിക്കാരായിട്ടോ അല്ല ദൈവകൃപയാൽ പൂർണ്ണമായും വിശ്വസ്തമായും ദൈവവചനത്തിന്റെ കല്പനകളെ ഏറ്റെടുത്ത് ഉത്തരവാദിത്വങ്ങളെ തലമുറയ്ക്കു വേണ്ടി പകർന്നു കൊടുത്തും സഭയിൽ ജനങ്ങൾ മുന്നേറും.

ക്രിസ്തുവിന്റെ സഹായത്താൽ ഞങ്ങളുടെ കുടുംബങ്ങളെ വിശുദ്ധീകരിച്ച് കുടുംബമായി ദൈവമുമ്പാകെ നടന്ന്, പൂർണ്ണഹൃദയത്തോടെ ദൈവത്തെ ആരാധിച്ചും ദൈവം തന്റെ വചനത്തിൽ ആവശ്യപ്പെടുന്നതുപോലെ ദൈവത്തെ ബഹുമാനിച്ച് പ്രാർത്ഥനയിലും വചനധ്യാനത്തിലും ഉറ്റിരുന്ന് ഞങ്ങളുടെ കുഞ്ഞുങ്ങളെയും അതിനായി ഒരുക്കി ചോദ്യങ്ങളാലും ഉത്തരങ്ങളാലും അവരെ പഠിപ്പിച്ച് പരിശോധിച്ചും ദൈവത്തെ ഭയപ്പെടുവാനും സേവിക്കുവാനും മാതൃകയുള്ളവരായി നടക്കാനും മാനസാന്തരത്തിലേയ്ക്കും രക്ഷയിലേയ്ക്കും അവരെ ഒരുക്കും എന്നും വാഗ്ദത്തെ ചെയ്യുന്നു.

വീണ്ടും ഞങ്ങൾ, ദൈവം ഞങ്ങളെ സഹായിച്ചാൽ ഞങ്ങളുടെ ജീവകാലത്ത്

(ശേഷം 8-ാംപേജിൽ)

(3-ാം പേജിന്റെ തുടർച്ച)

കുഞ്ഞുങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുക

എന്ന് ഞാൻ നിങ്ങളോട് പറയുന്നു ” (മർക്കൊ. 11:24). ദൈവജനം വിശ്വാസത്തിന്റെ പ്രാർത്ഥനകൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ ഇഷ്ടം ഞങ്ങൾക്കും മറ്റുള്ളവർക്കും നിറവേറ്റുവാൻ ശക്തനാണ്. അവിടുന്ന് വചനത്തിൽ പറയുന്ന പ്രകാരം അത്ഭുതങ്ങളെ ചെയ്യും: “എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേലപിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും ” (യാക്കോ. 5:15).

മാതാപിതാക്കന്മരേ, മറുപടി ലഭിക്കാത്ത പ്രാർത്ഥനകളെ സംബന്ധിച്ച് സംസാരിക്ക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങൾ പ്രതീക്ഷിക്കുന്ന നിലയിലുള്ള മറുപടി ലഭിക്കുന്നില്ല എങ്കിൽ ഓരോ വ്യക്തിയെക്കുറിച്ചും ഓരോ സാഹചര്യങ്ങളെക്കുറിച്ച് ദൈവത്തിന് വ്യക്തമായ പദ്ധതികളുണ്ടെന്ന് നിങ്ങളുടെ കുട്ടികളെ മനസിലാക്കുക. ചില സന്ദർഭങ്ങളിൽ ദൈവത്തിന്റെ പദ്ധതി നമ്മുടേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും, നമുക്കു ലഭിക്കുന്ന മറുപടി അതെ എന്നുള്ളതിന് സാദ്ധ്യമല്ല. ദൈവത്തെ അറിയുകയും ആശ്രയിക്കയും ചെയ്യുക, നമ്മുടെ ആവശ്യം ദൈവം അറിയുന്നു.

5.ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞു പ്രാർത്ഥിക്കുക.

ദൈവവചനത്തിലൂടെ അനുസരിക്കുന്നവരായി ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞ് പ്രാർത്ഥിക്കാൻ തുടങ്ങുന്നു. ഉദാഹരണമായി എല്ലാവരും യേശുവിനെ അറിയണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ അങ്ങനെ ചിന്തിക്കാറുണ്ടോ? മത്താ. 9:36-38-ൽ പറയുന്നത്. “അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് അവരെക്കുറിച്ച് മനസലിഞ്ഞു: തന്റെ ശിഷ്യന്മാരോട് കൊയ്ത്തു വളരെയുണ്ട് സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയയ്ക്കേണ്ടതിന് യാചിപ്പിൻ എന്ന് പറഞ്ഞു ” (മത്താ. 9:36-38). ഈ പ്രാർത്ഥന നിങ്ങളോ നിങ്ങളുടെ മക്കളോ പ്രാർത്ഥിക്കുന്നു എങ്കിൽ ദൈവം നിശ്ചയമായും ഉത്തരം പറയും, അതെ, കാരണം നിങ്ങളുടെ ഹൃദയവും ദൈവത്തിന്റെ ഹൃദയവും ഒന്നായിത്തീരുകയാണ്.

6. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ.

ലൂക്കൊ, 21:36-ൽ പറയുന്നത് ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ. മത്താ 26:4-ൽ നാം വായിക്കുന്നത്: “പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ എന്നു പറഞ്ഞു. ഏതു സാഹചര്യത്തിലാണ് എന്ത് കാരണത്താലാണ് നിങ്ങൾ പരീക്ഷിക്കപ്പെടുന്നത് എങ്ങനെയാണ് ആ സാഹചര്യങ്ങളെ ഉപയോഗിച്ച ദൈവത്തിനെതിരായി പാപം ചെയ്യുവാൻ നമ്മെ പരീക്ഷിക്കുന്നതെന്ന് ചിന്തിക്കുക അവയെക്കുറിച്ച് സംസാരിക്കും.

7.വ്യക്തിപരമായ പ്രാർത്ഥന പ്രധാനപ്പെട്ടതാണ്. എന്നാൽ മറ്റുള്ളവരുമായി ചേർന്ന് കൂട്ടായും പ്രാർത്ഥിക്കുക.

ആദ്യ കാല സഭകളിൽ ചില ഉദാഹരണങ്ങൾ കാണാം. എല്ലാവരും സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടും കൂടെ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചുപോന്നു. (അ.പ്ര. 1:14). അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥനകഴിച്ചുപോന്നു (അ.പ്ര. 2:42). അതു കേട്ടിട്ടി അവർ ഒരുമനപ്പെട്ട് ദൈവത്തോട് നിലവിളിച്ചു. (അ.പ്ര. 2:42). സഭയിൽ, ചെറിയ കൂട്ടങ്ങളിൽ, കുട്ടികളുടെ പ്രാർത്ഥനാ ഗ്രൂപ്പുകളിൽ തുടങ്ങി ധാരാളം അവസരങ്ങൾ പ്രാർത്ഥനയ്ക്കായി നിങ്ങളുടെ കുട്ടികൾക്ക് കൊടുക്കുക.

8.മുഷിഞ്ഞു പോകാതെ ദൈവത്തോട് പ്രാർത്ഥിക്കുക.

“ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും ” (ഫിലി. 4:6,7). ഭാരപ്പെടുത്തുന്ന വിഷയങ്ങൾ ഏവ എന്ന് കണ്ടുപിടിക്കുവാൻ നിങ്ങളുടെ മക്കളോട് പറയുക. അവയെ കർത്താവിനോട് പറയുവാൻ ആവശ്യപ്പെടുക, എല്ലാ പ്രയാസങ്ങൾക്കും പകരം സമാധാനം പ്രാപിക്കാൻ കഴിയും.

9. പ്രാർത്ഥനയിൽ ഉറ്റിരിക്ക.

പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ (കൊലൊ. 4:2). റോമർ 12:13-ൽ വായിക്കുന്നത്, ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണതകാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ. നിങ്ങളുടെ കുട്ടികളെ വചനം വായിക്കുവാനും പഠിക്കുവാനും പ്രാർത്ഥിക്കുവാനും പഠിപ്പിക്കുക, എന്നാൽ അവർ ദൈവവചനത്തോട് വിശ്വസ്തതയുള്ളവരായി ജീവിക്കും ”. നിങ്ങൾ എന്നി ലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ, അത് നിങ്ങൾക്ക് കിട്ടും. നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും ”. (യോഹ. 15:7,8). ❖

(4-ാം പേജിന്റെ തുടർച്ച)

നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്ക

ദൈവവചനത്തിൽ ആശ്രയിച്ച് അവിടുത്തെ കൃപയിലും കരുണയിലും അവിടത്തെ വെളിച്ചത്തി ലും നടക്കേണ്ടതാണ്.

വിശുദ്ധിയും ആത്മനിറവും ഉള്ള ജീവിതത്തിൽ ദൈവശക്തി വസിച്ചുകൊണ്ട് പ്രാർത്ഥനയ്ക്കായും സേവനത്തിനായും നമ്മെ ബലപ്പെടുത്തുന്നു. ദൈവത്തിന്റെ നിറവുകൾ വസിക്കുന്ന ദൈവജനത്തിന്റെ ഭവനം, അവരുടെ സഭ, അവരുടെ രാജ്യം എത്ര അനുഗ്രഹിക്കപ്പെട്ടതാണ്!

സദൃശ. 22:11-ൽ നാം വായിക്കുന്നത്, “ ഹൃദയശുദ്ധി ഇഷ്ടപ്പെടുന്നവന് അധരലാവണ്യം ഉണ്ട്; രാജാവ് അവന്റെ സ്നേഹിതൻ ” (സദൃ. 22:) ഇത് ലോകത്തിലെ ഒരു സാധാണ രാജാവിനെക്കുറിച്ചാണ് പറയുന്നതെങ്കിൽ അതിനെ ക്രിസ്തു എന്ന രാജാവിനോട് നമുക്ക് ഉപമിച്ച് അവിടുത്തെ സ്നേഹിതന്മാരായിരിപ്പാൻ കഴിയും “ ഞാൻ നിങ്ങളോട് കല്പിക്കുന്നത് ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ ”. (യോഹ. 15:14). അതെ, നമ്മുടെ കൈകളെ കഴുകി നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ച് ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നത് എത്ര അനുഗ്രഹകരമാണ്. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ❖

(1-ാംപേജിന്റെ തുടർച്ച)

മാനസാന്തരം പുതുക്കത്തിന്റെ സമയങ്ങളെ കൊണ്ടുവരുന്നു.

പെരുകി കവിഞ്ഞിരിക്കുന്നു, ഞങ്ങളുടെ കുറ്റം ആകാശത്തോളം വളർന്നിരിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാരുടെ കാലം മുതൽ ഇന്നുവരെയും ഞങ്ങൾ വലിയ കുറ്റക്കാരായിരിക്കുന്നു. ഞങ്ങളുടെ അകൃത്യം നിമിത്തം ഞങ്ങളും ഞങ്ങളുടെ രാജാക്കന്മാരും പുരോഹിതന്മാരും ഇന്നുള്ളതുപോലെ രാജാക്കന്മാരുടെ കയ്യിൽ വാളിനും പ്രവാസത്തിനും കവർച്ചയ്ക്കും അപമാനത്തിനും ഏല്പിക്കപ്പെട്ടിരിക്കുന്നു (എസ്രാ. 9:6,7). ദൈവജനത്തെ, അവരുടെ പാപം അടിമത്വത്തിലേയ്ക്ക് നടത്തി എന്ന് താൻ മനസിലാക്കി. ഇപ്പോഴും, ഈ മടങ്ങിവരവിന്റെയും ഉദ്ധാരണത്തിന്റെയും അവസരത്തിലും ജനം പാപത്തെ ആലിംഗനം ചെയ്തു, ദൈവത്തിന്റെ ഹൃദയത്തിൽ അവർക്കുവേണ്ടിയുള്ള എല്ലാ പദ്ധതികളെയും അവർ നഷ്ടമാക്കി (9:13,14).

ദൈവം തന്റെ ജനത്തോട് എത്രമാത്രം കൃപകാണിക്കുന്നു എന്ന് എസ്രാ മനസിലാക്കി. അവരുടെ പാപങ്ങൾക്കൊത്തവണ്ണം, കഠിനമായി അവരെ ശിക്ഷിച്ചു, എന്നാൽ തന്റെ കൃപയിൽ അവരോട് ദയ കാണിച്ചു, പുതിയ ജീവിതം കൊടുത്തു ആലയ പണിക്ക് വേണ്ടിയും വഴിയൊരുക്കി.

പാപത്തിന്റെ പരിണതഫലത്തെ സംബന്ധിച്ച് എസ്രാ സ്തംഭിച്ച് നിശ്ചലനായതു പോലെ നിങ്ങൾ എപ്പോഴെങ്കിലും സ്തംഭിച്ചുപോയിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിലോ പാപത്തിന്റെ സ്വാധീനത്താൽ വന്നുപോയ നഷ്ടത്തെ സംബന്ധിച്ച് നിങ്ങൾ എപ്പോഴെങ്കിലും ദു:ഖിച്ചിട്ടുണ്ടോ?

പ്രത്യാശയ്ക്ക് ഇപ്പോഴും വകയുണ്ട്

എസ്രാ പ്രാർത്ഥിക്കയും ഏറ്റുപറയുകയും കരയുകയും ദൈവത്തിന്റെ ആലയത്തിലേയ്ക്ക് തന്നെത്താൻ എറിഞ്ഞു കൊടുക്കയും ചെയ്തപ്പോൾ ഒരു വലിയ കൂട്ടം പുരുഷന്മാർ സ്ത്രീകളും കുട്ടികളും കയ്പോടെ കരഞ്ഞുകൊണ്ട് തനിക്കൊപ്പം കൂടി (10:1). അതിന്റെ നടുവിൽ അത്ഭുതങ്ങൾ നടക്കുന്നു. യിസ്രായേലിലെ പുരുഷന്മാരിൽ ഒരുവനായി ശെഖന്യാവ് ജനത്തിന്റെ പാപങ്ങളെ ഏറ്റുപറഞ്ഞു, എന്നിട്ട് ഇങ്ങനെ പറഞ്ഞു, യിസ്രയേലിനു വേണ്ടി ഇനിയും പ്രത്യാശയുണ്ട്. (10:2).

എത്ര കേന്ദ്രീകൃതമായ പ്രസ്താവന; ഏറ്റവും മോശമായ സാഹചര്യമാണെങ്കിലും, അവിടെ പ്രത്യാശയുടെ കിരണങ്ങൾ! എന്തുകൊണ്ട്? കാരണം, ദൈവം പ്രത്യാശയുടെ ദൈവമാണ്, ദയയുള്ള ദൈവമാണ്, കൃപയും കരുണയും ഉള്ള ദൈവമാണ്. നമ്മുടെ പാപത്തെ വിട്ട് തന്നിലേയ്ക്ക് മടങ്ങിവരുവാൻ ദൈവം കാത്തിരിക്കുന്നു. എസ്രായുടെ കാലത്തുള്ള യഹൂദന്മാർക്കു ആ പ്രത്യാശയുണ്ടായി, ക്രിസ്തുവിൽ ഉള്ള നമ്മുടെ പ്രത്യാശ അതിനെക്കാൾ എത്ര വലിയതാണ്! " അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്നവീണ്ടെടുപ്പുണ്ട് " (എഫെ. 1:7). നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9).

എസ്രാ ജനത്തെ ഏറ്റുപറച്ചിലിലേയ്ക്കും മാനസാന്തരത്തിലേയ്ക്കും നടത്തി. അവരുടെ പാപം വലുതായിരുന്നു. എന്നാൽ അവർ ദൈവത്തെ ബഹുമാനിക്കുന്നതിലും കല്പന അനുസരിക്കുന്നതിലും വിശ്വസ്തകാണിച്ചു " (എസ്രാ. 10:10-44 കാണുക).

ദൈവവചനത്തിന്റെ യഥാസ്ഥാപനം

നെഹെമ്യാവിന്റെ പുസ്തകത്തിൽ ഏറ്റുപറച്ചിലിന്റെ മാനാസന്തരത്തിന്റെയും മറ്റൊരു അനുഭവം കാണാൻ കഴിയും. ഈ പുസ്തകത്തിന്റെ ആദ്യഭാഗം ദൈവം തന്റെ ജനത്തെ യരുശലേമിന്റെ മതിലുകളെ പണിയാനായി സഹായിക്കുന്നു. എട്ടാം അധ്യായത്തിൽ ജനം കടന്നുവന്നു എസ്രായോട് മോശയുടെ ന്യായപ്രമാണ പുസ്തകം കൊണ്ടുവരുവാൻ ആവശ്യപ്പെടുന്നു. പുരോഹിതൻ ന്യായപ്രമാണ പുസ്തകം കൊണ്ടു വന്നു, രാവിലെ മുതൽ ഉച്ചവരെ അത് വായിച്ചു. തടികൊണ്ടുള്ള ഒരു പ്രസംഗപീഠത്തിൽ എസ്രാ ശാസ്ത്രികയറി നിന്ന് ന്യായമാണം വായിച്ചു. അദ്ദേഹവും ജനവും ബഹുമാനത്തോടും ഭക്തിയോടും അതു കേട്ടു. എസ്രാ സകല ജനവും കാൺകെ പുസ്തകം വിടർത്തി. അവൻ സകല ജനത്തിനും മീതെ ആയിരുന്നു. അതു വിടർത്തിയപ്പോൾ ജനമെല്ലാം എഴുന്നേറ്റുനിന്നു. എസ്രാ മഹാ ദൈവമായ യഹോവയെ സ്തുതിച്ചു. ജനമൊക്കെയും കൈ ഉയർത്തി ആമേൻ ആമേൻ എന്ന് പ്രതിവചനം പറഞ്ഞു.

അതെ, അവർ ദൈവവചനത്തോട് കാണിച്ച ബഹുമാനം ! സ്വകാര്യമായും പൊതുവായും ഉള്ള ധ്യാനങ്ങളിൽ ആ ബഹുമാനം നാമും കാണിക്കേണ്ടേ? സത്യവചനത്തെ നന്നായി പഠിച്ച് ലജ്ജിക്കാൻ സംഗതിയില്ലാത്തവരായി നിൽകൊള്ളണ്ടേ? (2തിമൊ. 2:15). അതിനെ ഹൃദയത്തിൽ ഏറ്റെടുത്ത് പൗലൊസ് പറഞ്ഞതുപോലെ പ്രസംഗിക്കേണ്ടേ? "വചനം പ്രസംഗിക്ക സമയത്തും അസമയത്തും ഒരുങ്ങി നിൽക്ക സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക, തർജ്ജനം ചെയ്യുക, പ്രബോധിപ്പിക്ക " (2തിമൊ.4:2). ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കും ആളുകളെ മാനസാന്തരത്തിലേയ്ക്ക് നടത്തേണ്ടതിനും ശക്തമായി നാം വചനം പഠിപ്പിക്കേണ്ടേ?

സഭകളും വീടുകളും വ്യക്തികളും ദൈവവചന കേന്ദ്രീകൃതമായിരിക്കണം. ദൈവവചനം ധ്യാനിക്കുന്ന എസ്രായെ എത്ര അത്ഭുതകരമായിട്ടാണ് യരുശലേമിന്റെ പണിയ്ക്കായി ദൈവം അയച്ചത്. യാഗപീഠത്തിന്റെയും ദൈവാലയത്തിന്റെയും മതിലിന്റെയും പണികൾ പൂർത്തീയാകുന്നതോടുകൂടെ ദൈവവചനത്തിന്റെയും ആളുകളുടെയും ഉദ്ധാരണത്തിനായും കൂടെ ദൈവം എസ്രായെ അത്ഭുതകരമായി അവർക്കു വേണ്ടി അയച്ചു കൊടുത്തു.

ദൈവവചനത്തോടുള്ള ജനത്തിന്റെ പ്രതികരണം, മാനസാന്തരവും സന്തോഷവും

ആളുകൾ ന്യായപ്രമാണ വചനങ്ങളെ കേട്ടപ്പോൾ ദു:ഖിച്ചു, കരഞ്ഞു. (നെഹെ.8:9,10). ഒരു പക്ഷേ അവർ കരയുവാനുള്ള പ്രധാന കാര്യങ്ങളിലൊന്ന്, അവർ ദൈവത്തിൽ നിന്നും തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹങ്ങളിൽ നിന്നും തങ്ങൾ വളരെ അകലെയാണ് എന്ന യാഥാർത്ഥ്യം അവർക്ക് ബോദ്ധ്യമായതുകൊണ്ടാണ് ലേവ്യർ അവരെ ധൈര്യപ്പെടുത്തിയത്. ദു:ഖിക്കേണ്ട കരയു

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

മാനസാന്തരം പുതുക്കത്തിന്റെ സമയങ്ങളെ കൊണ്ടുവരുന്നു.

കയും വേണ്ട. നിങ്ങൾ മിണ്ടാതിരിപ്പിൻ; ഈ ദിവസം വിശുദ്ധമല്ലോ; നിങ്ങൾ ദു:ഖിക്കരുത് എന്ന് പറഞ്ഞു” (നെഹെ. 8:10-12 കാണുക).

ദൈവവചനത്തിന്റെ യഥാസ്ഥാപനം വലിയ കുറ്റബോധം ഉളവാക്കുന്നു എങ്കിലും മെല്ലെപ്പോക്കും പാപങ്ങളും ഉണ്ട്, കർത്താവായ യേശു തന്റെ വചനങ്ങളെ നമുക്കു തന്നത് ദാനമായിട്ടാണ്. ഉദാഹരണമായി യേശുവിന്റെ കഠിനമായ ദൂത് വെളിപ്പാട് 3:14-22 വാക്യങ്ങളിൽ കാണാം. അവിടെ ലവോദിക്യ സഭയെക്കുറിച്ച് പറയുന്നത്, സഭ ശീതോഷ്ണവാസ്ഥയിലാണ്. നിർഭാഗ്യവാനും, അരിഷ്ടനും, ദരിദ്രനും, കുരുടനും, നഗ്നനും ആയിരിക്കയാൽ (വെളി. 3:17). എങ്കിലും കർത്താവ് തന്റെ വചനത്തിലൂടെ അവരോട് ഇടപെടുന്നത്, അവരെ തള്ളിക്കളയാനോ നശിപ്പിക്കുവാനോ അല്ല, പകരം അവരെ മാനസാന്തരത്തിനു വേണ്ടി വിളിക്കുയാണ്. തന്റെ ശക്തമായ വാക്കുകൾ സഭയോടുള്ള സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടതാണ്. അവരെക്കുറിച്ചുള്ള അവിടുത്തെ ആഗ്രഹം കൂട്ടായ്മയിൽ നടക്കുക എന്നതാണ്. എനിക്ക് പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു, ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക, മാനസാന്തരപ്പെടുക, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു, ആരെങ്കിലും എന്റെ ശബ്ധം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും (വാക്യം 19,20).

നമ്മെ തിരുത്തുവാൻ വേണ്ടി എപ്പോഴെല്ലാം ദൈവം ഇടപെടുന്നുവോ, അപ്പോഴെല്ലാം പറയുന്നവാക്ക് ജാഗ്രതയുള്ളവനായിരിക്ക, മാനസാന്തരപ്പെടുക. ന്യായപ്രമാണത്തിന്റെ ഉദ്ധാരണം സംബന്ധിച്ച ആഘോഷങ്ങളെ സംബന്ധിച്ച് നെഹെമ്യാവ് എട്ടാം അദ്ധ്യായത്തിൽ കാണുന്നു, ദൈവജനം കൂടിവന്നു: യിസ്രായേൽ മക്കൾ ഉപവസിച്ചും രട്ടുടുത്തും തലയിൽ പൂഴിവാരിയിട്ടും കൊണ്ട് കൂടിവന്നു. യിസ്രായേൽ സന്തതിയായവർ സകല അന്യജാതിക്കാരിൽ നിന്നും വേർതിരിഞ്ഞു നിന്ന് തങ്ങളുടെ പാപങ്ങളെയും തങ്ങളുടെ പിതാക്കന്മാരുടെ അകൃത്യങ്ങളേയും ഏറ്റു പറഞ്ഞു. പിന്നെ അവർ തങ്ങളുടെ നിലയിൽ തന്നെ എഴുന്നേറ്റു നിന്നു, അന്ന് ഒരു യാമത്തോളം തങ്ങളുടെ ദൈവമായ യഹോവയുടെ ന്യായപ്രമാണം വായിച്ചു കേൾക്കയും പിന്നെ ഒരു യാമത്തോളം പാപങ്ങളെ ഏറ്റുപറഞ്ഞ് തങ്ങളുടെ ദൈവമായ യഹോവയെ നമസ്ക്കരിക്കയും ചെയ്തു (നെഹെ. 9:1-3). അവർ ദൈവത്തെ തന്റെ വിശ്വസതതയെ ഓർത്ത് വാഴ്ത്തി സ്തുതിച്ചു. അവിടുത്തെ പാപക്ഷമ, കൃപ ദയ, ദീർഘക്ഷമ സ്നേഹം എന്നിവയെ ഓർത്തു, തങ്ങളുടെ മാത്രമല്ല തങ്ങളുടെ പിതാക്കന്മാരുടെയും പാപങ്ങളെ ഏറ്റുപറഞ്ഞു ദൈവത്തെ നമസ്ക്കരിച്ചു (9:5-37). തങ്ങളുടെ പാപം നിമിത്തം കഠിനമായ പ്രതിസന്ധികളെ നേരിടുന്നു എന്നും ദൈവം തങ്ങൾക്ക് ഒരുക്കിയ സന്തോഷങ്ങളിലൊന്നും അവർക്ക് സന്തോഷിപ്പാൻ കഴിയുന്നില്ല എന്നും അവർ തിരിച്ചറിഞ്ഞു (9:32-37).

അന്ന് അവർക്ക് ആഴമായ മാനസാന്തരമുണ്ടായിട്ട് തങ്ങളുടെ ജീവിതങ്ങളിൽ ദൈവത്തിങ്കലേക്ക് തിരിഞ്ഞു. അവർ അതിനെ ഗൗരവമായി കണക്കാക്കി ഒരു നിയമമുണ്ടാക്കി എഴുതി മുദ്രയിട്ടു (9:38). അന്ന് അവർ ദൈവവചനപ്രകാരം നടക്കുവാൻ സമർപ്പിക്കുകയും ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിച്ചു നടക്കയും ചെയ്യും എന്നും തീരുമാനിച്ചു (10:21). കർത്താവിനോടുള്ള ഹൃദയാംഗമായ പ്രതികരണവും വചനത്തോടുള്ള സമർപ്പണവും സ്വാഭാവികമായി അവരെ വളരെ സന്തോഷത്തിലേയ്ക്ക് നയിച്ചു.

പൂർണ്ണമായി സമർപ്പിച്ചു.

ദൈവം തന്റെ ജനത്തെ മാനാസാന്തരത്തിനായി വിളിക്കുന്നു കാരണം പുതുക്കത്തിന്റെ കാലങ്ങൾ ദൈവത്തിൽ നിന്നും വരുന്നു. എപ്പോഴൊക്കെ നിങ്ങളെ ദൈവം മാനാസന്തരത്തിലേയ്ക്ക് നടത്തുന്നുവോ അപ്പോഴൊക്കെയും നന്ദിയുള്ളവരായിരിക്ക, കാരണം അങ്ങനെയുള്ള തിരുത്തലുകൾ നിങ്ങളോടുള്ള തന്റെ സ്നേഹത്തിന്റെ തെളിവുകളാണ്. അതേ സമയം, വിശ്വസ്തതയോടും നിഷ്കളങ്കതയോടും കൂടെ ദൈവത്തോട് സംസാരിക്ക. പപം ലഘുവായി ചികിത്സിക്കേണ്ട കാര്യമല്ല. തന്റെ ഉദ്ദേശത്തിനായി തനിക്ക് വിശുദ്ധജനമായിരിക്കേണ്ടതിന് ദൈവം നമ്മെ വിളിച്ചു. പാപങ്ങളെ ഏറ്റു പറഞ്ഞ് തങ്കലേയ്ക്ക് തിരിയുന്നവരെ അനുഗ്രഹിച്ച് അവരിലൂടെ പ്രവർത്തിക്കുവാൻ അവിടുന്ന് കാത്തിരിക്കുന്നു. ❖

(2-ാംപേജിന്റെ തുടർച്ച)

നമ്മുടെ പ്രാർത്ഥനയിലൂടെ വ്യാപരിക്കുന്ന ദൈവശക്തി

കഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു; യരുശലേമിന്റെ മതിലുകൾ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ചു ചുട്ടും കിടക്കുന്നു എന്ന് പറഞ്ഞു. (നെഹെ. 1:3). പുസ്തകത്തിന്റെ ഒടുവിൽ മതിൽ പണിയപ്പെട്ടിരിക്കുന്നതായും ആളുകൾ വളരെ സന്തോഷത്തോടെയിരിക്കുന്നതും കാണാം. അതുകൊണ്ട് യരുശലേമിലെ സന്തോഷ ഘോഷം ബഹുദൂരത്തോളം കേട്ടു. (നെഹെ. 12:43). ഈ അത്ഭുതകരമായ വ്യത്യാസം എങ്ങനെയാണ് സംഭവിച്ചത്?. നെഹെമ്യാവിന്റെയും കൂട്ടുകാരുടേയും പ്രാർത്ഥനയ്ക്കുള്ള മറുപടിയായി വെളിപ്പെട്ട ദൈവശക്തിയായിരുന്നു അത് (നെഹെ. 1:5-11).

ഹന്നയുടെ ജീവിതത്തിൽ എന്താണ് സംഭവിച്ചത്? ഹന്നയുടെ അനുഭവം, മക്കളില്ലാത്തവളായിരുന്നു എന്ന നിലയിൽ വർഷങ്ങൾ ആയിരുന്നു. “ അവൾ ദൈവത്തോട് മനസുരുകി പ്രാർത്ഥിച്ചു. ദൈവം അവളുടെ പ്രാർത്ഥന കേട്ട് ഒരു പുരുഷപ്രജയെ ദാനമായി നൽകി. ഞാൻ അവനെ ദൈവത്തോട് അപേക്ഷിച്ചു വാങ്ങി എന്ന് പറഞ്ഞ് അവന് ശമുവേൽ എന്ന് പേരിട്ടു. (1ശമു. 1:20). അവളുടെ ജീവിതത്തിലെ മഹാദു:ഖം മഹാസന്തോഷമായി മാറി. (2:1-10). തന്റെ മകൻ യിസ്രായേലിലെ അതിശ്രേഷ്ഠ പ്രവാചകന്മാരിൽ ഒരാളാകും എന്ന് ഹന്ന ചിന്തിച്ചിരുന്നില്ല. എന്നാൽ പ്രാർത്ഥനയിലൂടെ വ്യാപരിക്കുന്ന ദൈവശക്തി മാനുഷിക സാദ്ധ്യതകൾക്കപ്പുറത്താണ്.

107-ാം സങ്കീർത്തനം പല പ്രാർത്ഥനകൾക്കും ഉത്തരം ലഭിച്ചതിന് ഒരു ദൃഷ്ടാന്തമാണ്. ആ സങ്കീർത്തനത്തിൽ ജനം പ്രത്യേകമായ കഷ്ടതകളിലും നിരാശകളിലും ആയപ്പോൾ ദൈവത്തോട് പ്രാർത്ഥിച്ചു. അത്ഭുതകരമായി ദൈവം ഇടപെട്ടു, അവരുടെ നിരാശകളിൽ നിന്നും ദൈവം അവരെ വിടുവിച്ചു. ദൈവം അവരെ ഇരുട്ടിന്റെ ശക്തികളിൽ നിന്നും മരണനിഴലിൽ നിന്നും, ചങ്ങലക

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

നമ്മുടെ പ്രാർത്ഥനയിലൂടെ വ്യാപരിക്കുന്ന ദൈവശക്തി

ളിൽ നിന്നും വിടുവിച്ചു (വാക്യം 20); അവിടുന്ന് കൊടുങ്കാറ്റിനെ ശാന്തമാക്കി. അവർ ആഗ്രഹിച്ച തുറമുഖത്ത് സുരക്ഷിതമായി എത്തിച്ചു. അവൻ മരുഭൂമിയെ ജലതടാകവും വരണ്ട നിലത്തെ നീരുറവുകളും ആക്കി (വാക്യം 35).

എന്റെ ജനം പ്രാർത്ഥിക്കും എങ്കിൽ

രണ്ട് ദിനവൃത്താന്തങ്ങളുടെ പുസ്തകം 7-ാം അദ്ധ്യായം പ്രാർത്ഥനയിൽ വ്യാപരിക്കുന്ന ദൈവശക്തിയുടെ മറ്റൊരു ദൃഷ്ടാന്തമാണ്. അവിടെ ദൈവം ഇങ്ങനെ വാഗ്ദത്തം ചെയ്യുന്നു. “ മഴ പെയ്യാതിരിക്കേണ്ടതിന് ഞാൻ ആകാശം അടയ്ക്കുകയോ ദേശത്തെ തിന്നു മുടിക്കേണ്ടതിന് വെട്ടുക്കിളികളോട് കല്പിക്കയോ എന്റെ നാമം വിളിക്കപ്പെട്ടരിക്കുന്ന എന്റെ ജനം തങ്ങളെ തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയും എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും ” (2 ദിന. 7:13,14) ന്യായവിധിയിൽ നിന്നും ഒരു രാജ്യത്തിന് വിടുതലുണ്ടോ? അതെ, ആളുകൾ താഴ്മയോടും അനുതാപത്തോടും പ്രാർത്ഥനയോടും ദൈവത്തിങ്കലേയ്ക്ക് തിരിയുമ്പോൾ മനുഷ്യന് അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമാണ്!

യേശുവിന്റെ ശിഷ്യന്മാർ പ്രാർത്ഥനയുടെ ശക്തിയെ മനസിലാക്കിയിരുന്നു. അതുകൊണ്ട് അവർ ഭക്തിയോടെ പ്രാർത്ഥിച്ചു. (അ.പ്ര. 1:14, 2:42, 6:4). ലോകത്തുടനീളം ദൈവം തന്റെ പരിശുദ്ധാത്മാവിനെ പകർന്ന് പ്രാർത്ഥനയ്ക്കു മറുപടിയായി അത്ഭുതകരമായി ആളുകളെ രക്ഷിച്ച് തന്റെ രാജ്യത്തിന്റെ വിസ്തൃതിയ്ക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് ആർ പ്രാർത്ഥിക്കും?

വേദപുസ്തകത്തിലുടനീളം പ്രാർത്ഥനയ്ക്ക് മറുപടിയായി ദൈവം ചെയ്ത അത്ഭുത പ്രവർത്തികളെ കാണാൻ കഴിയും. നാം വിശ്വസ്തതയോടെ ദൈവമുഖം അന്വേഷിക്കുകയും പ്രാർത്ഥിക്കയും വേണം എന്ന് അത് നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന് കഴിയും എന്ന് മാത്രമല്ല. പ്രാർത്ഥിക്കുന്നവർക്കു വേണ്ടി അത്ഭുതങ്ങളെ ചെയ്ത് തന്റെ നാമത്തെ മഹത്വപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പ്രാർത്ഥനയ്ക്കു മറുപടി എന്നത് ദൈവത്തിന് നമ്മോടുള്ള അനേക അനുഗ്രഹങ്ങളിൽ ഒന്നാണ്.

ഇ.എം. ബോണ്ട്സ് എന്ന ദൈവഭക്തന്റെ പ്രസ്താവന ഞാൻ സൂചിപ്പിച്ചിരുന്നു. അദ്ദേഹം ഇങ്ങനെ എഴുതുന്നു. കുറച്ചു വിശ്വാസികൾക്ക് പ്രാർത്ഥനയെക്കുറിച്ച് വ്യക്തമായ ഒരു ആശയം ഇല്ല; അവർ പ്രാർത്ഥനയിലൂടെയുള്ള ദൈവശക്തിയെ അനുഭവിച്ചിട്ടില്ല. സഭ മിക്കവാറും അവളുടെ കരങ്ങളിൽ ഏൽപിക്കപ്പെട്ട ദൈവശക്തിയെക്കുറിച്ച് ബോധവാന്മാരല്ല. ദൈവിക ജ്ഞാനത്തിന്റെയും ശക്തിയുടെയും ഉറവിടങ്ങളെ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. ദൈവ മഹത്വപ്പെടുത്തുന്നതിലൂടെ അനുഭവമാകുന്ന ദൈശക്തിയുടെ അളവിനെ അനുഭവമാക്കിയിട്ടില്ല.

അതുകൊണ്ട് എന്റെ ചോദ്യം ഇതാണ്. ആരാണ് ഇന്നത്തെ യഹോശാഫാത്തുമാർ, നെഹെമ്യവുമാർ, ഹന്നാമാർ, വിശ്വാസികൾ പൂർണ്ണ ശ്രദ്ധയോടെ ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞ് പ്രാർത്ഥിച്ച് ദൈവത്തിന്റെ സർവ്വ ശക്തിയെ ആ ദേശത്ത് വെളിപ്പെടുത്തും ദൈവത്തിൻഫെ നിത്യമായ ഉദ്ദേശത്തിനായും തന്റെ നിത്യമായ മഹത്വത്തിനായും നിലകൊള്ളുന്ന ആ വ്യക്തികളിൽ ഒരാളായി നാം ആയിരിക്കട്ടെ. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

❖

(4-ാം പേജിന്റെ തുടർച്ച)

പുതുക്കപ്പെട്ട ഏകാഗ്രത

പാപത്തിൽ നിന്നും ഞങ്ങൾ ഒഴിഞ്ഞിരിക്കയും ഞങ്ങൾ പാർക്കുന്ന ഇടത്ത് ജീവിക്കുന്നവരിലേയ്ക്ക് ഞങ്ങളിലുള്ളതിനെ പകർന്നു കൊടുക്കയും എല്ലാ അഭക്തിയിൽ നിന്നും ലോകമോഹങ്ങളിൽ നിന്നും അകന്ന് ഉണർവ്വോടും, നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു, മറ്റുള്ളവരെക്കൊണ്ട് ഒരു അപവാദവും ഞങ്ങളെക്കുറിച്ച് പറയുവാൻ ഇടം കൊടുക്കാതെ ജീവിക്കും എന്നും ഞങ്ങൾ ഉറച്ചിരിക്കുന്നു.

ഒടുവിലായി, തന്റെ ഭക്തന്മാരോടുള്ള തന്റെ വാഗ്ദത്തങ്ങളെ കാക്കുന്ന എന്നേയ്ക്കും തന്റെ മക്കളോടും കരുണകാണിക്കയും ചെയ്യുന്ന ദൈവത്തിന് മഹത്വം അർപ്പിക്കുന്നു. എന്നാൽ ഞങ്ങൾ കുറവുള്ളവരും, പാപമുള്ളവരും, ദൈവവചനം ഞങ്ങളെ ഉപദേശിക്കുന്ന പല കാര്യങ്ങളിലും ഞങ്ങൾ തെറ്റിപ്പോകുന്നവരും എന്ന് ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളെത്തന്നെ താഴ്ത്തി കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയിൽ പൂർണ്ണമായി ആശ്രയിച്ച്, ഞങ്ങളെ ശക്തീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ തുടർച്ചയായ സാന്നിദ്ധ്യത്തിനും സഹായത്തിനുമായി ഞങ്ങളെ സമർപ്പിക്കുന്നു. എവിടെ ഞങ്ങൾ പരാജയപ്പെടുന്നുവോ അവിടെ ഞങ്ങളെ തന്നെ താഴ്ത്തി ക്ഷമയ്ക്കായി യാചിക്കയും ഞങ്ങളുടെ കൈക്കൊള്ളേണമേ സൗഖ്യമാക്കണമേ എന്നും പ്രാർത്ഥിക്കുന്നു. ആമേൻ.

❖

ഇന്ന് ലോകം കൊവിഡ് - 19 - ന്റെ മുന്നിൽ മുട്ടുകുത്തി നിൽക്കുന്നു

ഇന്നു ലോക രാഷ്ട്രങ്ങൾ, ശാസ്ത്രലോകം, ആരോഗ്യമേഖലകൾ മനുഷ്യന്റെ കണ്ണിനു മുന്നിൽ കാണാൻ സാധിക്കാത്ത ഒരു അണുവിന്റെ മുന്നിൽ കിടു കിടെ വിറെക്കുകയാണ്. ഒറ്റ വാക്കിനാൽ ലോകത്തെ മുഴുവൻ ഉണ്ടാക്കിയ സർവ്വ ശക്തന്റെ മുമ്പിൽ താഴുക, വിനയപ്പെടുക, മുട്ടുകുത്തുക അവൻ നിങ്ങളെ മോചിപ്പിക്കും.

“ അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല. ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു; അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു . യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു. യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരു

j ³ `mK yh m³ ”

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975